(ഇ) എങ്കിൽ ഈ ബ്രാഞ്ച് എന്ന് തുടങ്ങാനാവും എന്ന് അറിയിക്കാമോ?

തൊട്ടടുത്തുള്ള ബ്രാഞ്ചുകളായ ഉദുമ, ഹോസ്ദുർഗ്, കാഞ്ഞങ്ങാട് ബ്രാഞ്ചുകളുടെ ബിസിനസ്സിനെ ബാധിക്കും എന്നതുകൊണ്ട് പെരിയയയിൽ ബ്രാഞ്ച് തുടങ്ങുന്നത് ഇപ്പോൾ അനുയോജ്യമല്ല എന്ന് അസ്സിസ്റ്റന്റ് ജനറൽ മാനേജർ (കണ്ണൂർ) റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് പെരിയ ബ്രാഞ്ച് ആരംഭിക്കുന്നത് തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. കോവിഡ് നിയന്ത്രണങ്ങൾ അവസാനിച്ച് അനുയോജ്യമായ പരിസ്ഥിതി സംജാതമാകുന്ന സാഹചര്യത്തിൽ ഈ ബ്രാഞ്ച് തുടങ്ങുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്.

പെൻഷൻകാർക്കുള്ള മെഡിസെപ് പദ്ധതി

126 (1856) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) കേരളത്തിലെ സർവ്വീസ് പെൻഷൻകാർക്കുള്ള മെഡിസെപ് പദ്ധതി നടപ്പിലാക്കാൻ 2015-ൽ പ്രാരംഭ നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും പ്രസ്തുത പദ്ധതി നാളിതുവരെ നടപ്പിലാക്കാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ?

24-4-2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 54/2017/ധന പ്രകാരമാണ് സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവായത്. മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ, ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിരുന്നു. തുടർന്ന് 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ ആരോഗ്യരംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി, പദ്ധതിയുടെ ചികിത്സാ നിരക്കുകൾ പരിഷ്കരിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ Request For Proposal (RFP) 15-10-2020-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെൻഡറിൽ പങ്കെടുത്ത ഇൻഷ്വറൻസ് കമ്പനികളുടെ സാങ്കേതിക ബിഡുകൾ (technical bids) Technical

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Evaluation Committee പരിശോധിച്ച് അംഗീകരിച്ചിരുന്നു. എന്നാൽ ആർ.എഫ്.പി. (REQUEST FOR PROPOSAL)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഇൻഷ്വറൻസ് കമ്പനികളെ പൊതുതാൽപര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെൻഡർ നടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണ് എന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം 15-10-2020-ൽ പ്രസിദ്ധീകരിച്ച ആർ.എഫ്.പി. (REQUEST FOR PROPOSAL) റദ്ദാക്കുകയും അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള നിബന്ധനകൾ കൂട്ടിചേർത്തും മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെൻഡർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷ്വറൻസ് കമ്പനികളുടേയും സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിരുന്നുവെങ്കിലും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal (RFP)യിൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (WP(C)2938/2021) ഫയൽ ചെയ്യുകയുണ്ടായി. ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 7-4-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ (WA.No.615/2021)ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളൂ എന്ന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇത്തരത്തിലുള്ള കോടതി വ്യവഹാരങ്ങളിൽപ്പെട്ടതിനാലാണ് പദ്ധതി നാളിതുവരെ നടപ്പിലാക്കാൻ കഴിയാതെ പോയത്.

(ബി) സർവ്വീസ് പെൻഷൻകാരിൽ അധികവും നിരവധി വാർദ്ധക്യ സഹജമായ അസുഖങ്ങളുമായി ബുദ്ധിമുട്ടനുഭവിക്കുന്നവരായതിനാൽ ആയത് കണക്കിലെടുത്ത് മറ്റെന്തെങ്കിലും ചികിത്സ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സർവ്വീസ് പെൻഷൻകാർക്ക് മറ്റേതെങ്കിലും ചികിത്സാ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാറിന്റെ പരിഗണനയിലില്ല.